## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :113** 12-03-2015-ൽ മറുപടിക്ക്

സപ്ലൈകോ വഴി നെല്ല് സംഭരണം

**ചോദ്യം** **ഉത്തരം**

ശ്രീ.പി.തിലോത്തമൻ
,, ഇ.ചന്ദ്രശേഖരൻ
,, വി.എസ്.സുനിൽ കുമാർ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃസംരക്ഷണവും
രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ വഴി സംഭരിച്ചിരുന്ന നെല്ലിന് കിലോയ്ക്ക് എത്ര രൂപ വീതമാണ് നൽകിയിരുന്നത് ; ഇതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര; വ്യക്തമാക്കുമോ; | (എ) | കേന്ദ്ര-സംസ്ഥാന ഉത്തരവുകൾ പ്രകാരം സപ്ലൈകോ നിലവിൽ കിലോയ്ക്ക് 19/- രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. ഇതിൽ 13.60 രൂപ കേന്ദ്ര വിഹിതവും 5.40 രൂപ സംസ്ഥാന വിഹിതവുമാണ്. |
| (ബി) | ഇത്തരത്തിലുള്ള നെല്ല് സംഭരണത്തിലെ സംസ്ഥാന വിഹിതം നിറുത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഇപ്പോഴത്തെ സംഭരണവില എത്ര; വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാന വിഹിതം നിറുത്തലാക്കിയിട്ടില്ല. സംസ്ഥാന വിഹിതമായ 5.40 രൂപയും ചേർത്ത് കി.ഗ്രാമിന് 19/- രൂപ വച്ചാണ് നെല്ല് സംഭരിക്കുന്നത്. ഇത് ഇന്ത്യയിലെതന്നെ ഏറ്റവും ഉയർന്ന സംഭരണവിലയാണ്. |
| (സി) | സംസ്ഥാന വിഹിതം നിറുത്തലാക്കാനുണ്ടായ കാരണം എന്തായിരുന്നു; വിശദമാക്കുമോ? | (സി) | സംസ്ഥാന വിഹിതം നിറുത്തലാക്കിയിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ